LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമീണ റോഡുകൾക്ക് വൺ ടൈം മെയിന്റനൻസ് പദ്ധതി

27 (1498) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഗ്രാമീണ റോഡുകൾക്ക് വൺ ടൈം മെയിന്റനൻസ് പദ്ധതി പ്രകാരം ഓരോ മണ്ഡലത്തിലും എത്ര തുക വീതം അനുവദിച്ചുവെന്ന് വർഷം, തുക തിരിച്ച് വിശദമാക്കുമോ ;

(ബി) 2015-16 വർഷം എത്ര മണ്ഡലങ്ങളിൽ തുക അനുവദിച്ചുവെന്ന് മണ്ഡലം തിരിച്ച് വിശദമാക്കുമോ ;

(സി) മണ്ഡലങ്ങളിൽ തുക അനുവദിക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) ഏതെങ്കിലും മണ്ഡലങ്ങളിൽ തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) ഗ്രാമീണ റോഡുകൾക്ക് വൺ ടൈം മെയിന്റനൻസ് പദ്ധതി എന്ന പേരിൽ നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ പദ്ധതിയില്ല. ഗ്രാമവികസന വകുപ്പുമായി ബന്ധപ്പെട്ട പ്രധാനമന്ത്രി ഗ്രാമസഡക് യോജന പദ്ധതിയിലും ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതി ഏറ്റെടുക്കുന്നില്ല. ഗ്രാമീണ റോഡുകൾ നിർമ്മാണം നടത്തിയശേഷം, അഞ്ചുവർഷം മെയിന്റനൻസ് കാലാവധി കഴിഞ്ഞ് ജില്ലാ പഞ്ചായത്തിന് കൈമാറുന്ന പദ്ധതിയാണ് നിലവിലുള്ളത്.

ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രവർത്തനം

28 (1499) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ ഊർജ്ജ സ്വലമാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കുമോ;

(ബി) ബ്ലോക്ക് പഞ്ചായത്തുകൾ ഏതെല്ലാം പ്രവൃത്തികളാണ് ഏറ്റെടുത്ത് നടത്തുന്നതെന്നും ഇതിനുള്ള ബഡ്ജറ്റ് വിഹിതം എത്രയാണെന്നും വിശദമാക്കുമോ;

(സി) പുതുതായി ഏതെങ്കിലും പദ്ധതികൾ ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ബ്ലോക്ക് പഞ്ചായത്തുകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകളിലെ പദ്ധതി നടത്തിപ്പ് കൂടുതൽ സുതാര്യവും കാര്യക്ഷമവും ആക്കുന്നതിന് ഇ-ടെണ്ടർ, ഓൺലൈൻ സംവിധാനം, അക്കൗണ്ടിംഗ് സമ്പ്രദായം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ഇ-ഫയലിംഗ് സമ്പ്രദായം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തുകളിൽ എഞ്ചിനീയറിംഗ് വിംഗ് പുനഃസ്ഥാപിച്ചു. സോഷ്യൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തി.

(ബി) ഇന്ദിര ആവാസ് യോജന, ഇന്റഗ്രേറ്റഡ് വാട്ടർ ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം/ഹരിയാലി/ഐ.ഡബ്ല്യു.എം.പി. എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളും പ്ലാൻ ഫണ്ട് വിഹിതം ഉപയോഗിച്ചുള്ള വികസന പദ്ധതികളും ആണ് ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾ. ഈ സാമ്പത്തിക വർഷം ഐ.എ.വൈ. പദ്ധതിക്കുള്ള ബജറ്റ് വിഹിതം 109.20 കോടി രൂപയും ഐ.ഡബ്ല്യു.എം.പി. പദ്ധതിക്കുള്ള ബജറ്റ് വിഹിതം 10 കോടി രൂപയും ആയിരുന്നു. ഈ സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ട് ബഡ്ജറ്റ് വിഹിതം 622.48 കോടി രൂപയാണ്.

(സി) ഇല്ല.

പേരാമ്പ്ര നിയോജക മണ്ഡലത്തിൽ പ്രവർത്തനാനുമതി നൽകിയത്

29 (1500) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012 മുതൽ 2015 വരെ പേരാമ്പ്ര നിയോജക മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്ക് അനുമതി നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതനുസരിച്ച് എന്തൊക്കെ കാര്യങ്ങൾ ചെയ്യുവെന്നും എത്ര രൂപ ചെലവഴിച്ചുവെന്നും വിശദമാക്കുമോ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly